ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ജില്ലയിലെ മടവൂർപാറ ഗുഹാക്ഷേത്രം, പാണ്ഡവൻ പാറ എന്നീ സ്ഥലങ്ങൾ അനധികൃതമായി പതിച്ചു നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷണം നടന്നു വരികയാണ്. പാണ്ഡവൻ പാറയിലെ കൈയേറ്റം കോടതിയുടെ പരിഗണനയിലാണ്.

(സി) ഉണ്ട്. മടവൂർ പാറയുടെ കാര്യത്തിൽ സർക്കാർ തലത്തിലും വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ഡി) അന്വേഷണം നടന്നുവരുന്നു. റിപ്പോർട്ടു ലഭ്യമാകുമ്പോൾ കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈയേറ്റം നടന്നു എന്ന് അറിവു ലഭിച്ചാലുടനെ തന്നെ അവ ഒഴിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാറുണ്ട്.

(എഫ്) സംരക്ഷിതപ്രദേശം സാധാരണ റവന്യൂ പുറംപോക്കായിട്ടാണ് സർവ്വേ റിക്കോർഡുകളിൽ കാണുന്നത്. ഇത് പതിച്ചുനൽകുന്നതിന് ഇടയാകുന്നു. ഇതു പുരാവസ്തു വകുപ്പിന്റെ പേരിലേക്ക് മാറ്റുവാനും രേഖകളിൽ വേണ്ട മാറ്റം വരുത്തുവാനും 2001-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത ജില്ലാ കളക്ടർമാരുടെയും വകുപ്പദ്ധ്യക്ഷൻമാരുടെയും മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാകുമ്പോൾ സ്ഥലം പതിച്ചുകൊടുക്കാൻ റവന്യൂ അധികാരികൾക്ക് അസാദ്ധ്യമായിത്തീരും.

എൻ. ബി. എസ്. ഗ്രന്ഥശാലാ സംഘത്തിന് നൽകിയ പുസ്തകങ്ങൾ

166 (931) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ബി. എസ്. കേരള ഗ്രന്ഥശാലാ സംഘത്തിന് 1998-99 കാലഘട്ടത്തിൽ എത്ര രൂപയുടെ പുസ്തകങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) എൻ. ബി. എസ്. നേരിട്ട് കേരള ഗ്രന്ഥശാലാ സംഘത്തിന് പുസ്തകം നൽകുകയായിരുന്നോ ; അതോ ഗ്രന്ഥശാലാ സംഘം നിർദ്ദേശിച്ച വായനശാലകൾക്ക് പുസ്തകം നൽകുകയായിരുന്നോ ; വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഇപ്രകാരം ഏതെല്ലാം വായനശാലകൾക്ക് എത്ര രൂപയുടെ പുസ്തകം നൽകിയിട്ടുണ്ടെന്നും ആരുടെയെല്ലാം കൃതികളാണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(ഡി) ഈ പുസ്തകങ്ങളുടെ പണം നൽകിയത് ആരാണ് ; മൊത്തം എത്ര രൂപയാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്രകാരം നൽകിയ പുസ്തകങ്ങളിൽ ഭൂരിപക്ഷവും 60% കമ്മീഷൻ പ്രഖ്യാപിച്ച ചെലവാകാത്ത പുസ്തകങ്ങളായിരുന്നുവോ ; വിശദവിവരം വെളിപ്പെടുത്താമോ ;

(എഫ്) സാധാരണ എൻ. ബി. എസ്. പുസ്തകങ്ങൾ വാങ്ങുന്നവർക്ക് എൻ. ബി. എസ്. എത്രയാണ് കമ്മീഷൻ നൽകാറുള്ളത്; വായനശാലകൾക്ക് പ്രത്യേക പരിഗണന ഉണ്ടോ ; ഇപ്രകാരം പുസ്തകം അനുവദിച്ചിട്ടും വാങ്ങാത്ത വായനശാലകൾ ഉണ്ടോ ; ഏതെല്ലാം ; കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒരു കോടി രൂപയുടെ

(ബി) ഗ്രന്ഥശാലാസംഘം നിർദ്ദേശിച്ച വായനശാലകൾക്ക് എൻ. ബി. എസ്. നേരിട്ട് പുസ്തകം നൽകുകയാണ് ചെയ്തത്. 1994-95 വർഷം ഗ്രാന്റ് ലഭിച്ച എല്ലാ ഗ്രന്ഥശാലകൾക്കും പുസ്തകം നൽകാനാണ് നിർദ്ദേശം നൽകിയിരുന്നത്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഴി ഒരു കോടി രൂപ സർക്കാർ നൽകി.

(ഇ) എൻ. ബി. എസിനു നേരിട്ട പ്രതിസന്ധിയിൽ നിന്നും ആ സ്ഥാപനത്തെ രക്ഷിക്കാനുള്ള ഒരു പ്രത്യേക സഹായം എന്ന നിലയ്ക്ക് ആവിഷ്കരിച്ചതാണ് പ്രസ്തുത പദ്ധതി. ഇതനുസരിച്ച് വായിക്കാൻ കൊള്ളാവുന്ന പുസ്തകങ്ങളാണ് നൽകിയത്.

(എഫ്) കമ്മീഷൻ എല്ലായ്പ്പോഴും എല്ലാ പുസ്തകങ്ങൾക്കും ഒരു പോലെയല്ല പ്രസാധകർ നൽകാറുള്ളത്. ലൈബ്രറികൾക്ക് പ്രത്യേക പരിഗണന ഉണ്ട്. മറ്റുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കശുവണ്ടിക്ക് കുത്തകസംഭരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എഴുകോൺ നാരായണൻ : സർ, കശുവണ്ടിക്ക് കുത്തക സംഭരണം ഏർപ്പെടുത്താത്തതുമൂലം കശുവണ്ടി വ്യവസായ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധിയിലേക്കാണ് ഞാൻ ഈ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും വലിയ പരമ്പരാഗത കുത്തക വ്യവസായവും ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഒരു വലിയ വ്യവസായവുമാണ് കശുവണ്ടി വ്യവസായം. ഈ വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. കശുവണ്ടിയുടെ കുത്തകസംഭരണം ഏർപ്പെടുത്തുക എന്നത് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ

9.30A.M.]

LIBRARY ARCHIVES Kerala Legislative Assembly